(ഡി) ആരുടെ ഉത്തരവുപ്രകാരമാണ് ഫോറസ്റ്റുദ്യോഗസ്ഥരും പോലീസും ചേർന്ന് വന്യജീവികളെ അവിടെ നിന്നും നീക്കം ചെയ്തത് ;

(ഇ) വന്യജീവികളെ കൊന്നതിന്റെ പേരിൽ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജീവനുള്ള 369 വന്യജീവികളെയും, ചത്തതും ഫോർമാലിനിൽ സൂക്ഷിച്ചിട്ടുള്ളതുമായ 36 വന്യജീവികളെയുമാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും പിടിച്ചെടുത്തത്.

(ബി) പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും പിടിച്ചെടുത്ത വന്യജീവികളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പാമ്പുകൾ	- 184
പക്ഷികൾ	- 36
ചീങ്കണ്ണി	- 73
ആമ	- 24
വെള്ളക്കുരങ്ങ്	- 10
മുള്ളൻപന്നി	- 15
മറ്റുള്ളവ (സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, മരപ്പട്ടി, ഉടുമ്പ്, ചെന്നായ്, കേഴമാൻ, വെരുക്, കീരി, മുതലായവ)	- 27

(സി) വന്യജീവികളെ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് 24 മണിക്കൂറിനുള്ളിൽ ഒരു ജീവിയും ചത്തിട്ടില്ല. അതിനുശേഷം ചീങ്കണ്ണിക്കുഞ്ഞുങ്ങൾ (22) പാമ്പ് (1) പക്ഷികൾ (3) എന്നീ ഇനങ്ങളിലായി 26 വന്യജീവികൾ ചത്തിട്ടുണ്ട്.

(ഡി) വന്യജീവികളെ പിടിച്ചെടുക്കുന്നതിൽ പോലീസ് പങ്കെടുത്തിരുന്നില്ല. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവുപ്രകാരമായിരുന്നു ഈ പിടിച്ചെടുക്കൽ. ജീവികളെ പാർക്കിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

(ഇ) ഈ നടപടിയിൽ ആരും വന്യജീവികളെ കൊന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ വനംവകുപ്പ് ഈ കാര്യത്തിൽ കേസുകൾ ഒന്നും എടുത്തിട്ടില്ല.

പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ ജന്തുക്കളെ കണ്ടുകെട്ടിയ നടപടി

104 (787) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000 ഡിസംബർ 10-ാം തീയതി പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ ജന്തുക്കളെ കണ്ടുകെട്ടുന്നതിന് മുമ്പായി സ്നേക്ക്പാർക്ക് അധികൃതർക്ക് നോട്ടീസ് നൽകിയിരുന്നുവോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ബി) സ്നേക്ക് പാർക്കിലെ ഏതെല്ലാം ഇനത്തിൽപ്പെടുന്ന എത്ര ജന്തുക്കളെയാണ് കണ്ടുകെട്ടിയത് ;

(സി) ഈ ജന്തുക്കളെ കണ്ടുകെട്ടിയ അധികാരസ്ഥൻ ആരായിരുന്നു ; ഈ അധികാരസ്ഥനെ സഹായിക്കാൻ ആരെല്ലാമുണ്ടായിരുന്നു ;

(ഡി) പ്രവർത്തിദിവസമല്ലാത്ത ഞായറാഴ്ച ഈ ജന്തുക്കളെ കണ്ടു കെട്ടാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഇ) കണ്ടുകെട്ടിയ ജന്തുക്കളെ എവിടെ എപ്രകാരം സൂക്ഷിച്ചു ;

(എഫ്) ഈ ജന്തുക്കളെ തിരിച്ച് സ്നേക്ക് പാർക്കിൽ വിട്ടപ്പോൾ ഏതെല്ലാം ജന്തുക്കൾ ചത്തതായികണ്ടു ; അവ ചാകാനുള്ള കാരണം എന്തായിരുന്നു ;

(ജി) ഇവയെ കണ്ടുകെട്ടിയ അധികാരസ്ഥൻ അവ ചാകാതെ സൂക്ഷിക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിരുന്നു ;

(എച്ച്) ഈ ജന്തുക്കളെ കണ്ടുകെട്ടാനുള്ള ഉത്തരവിറക്കിയത് എന്ന് ആയിരുന്നു; പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(ഐ) ഈ ജന്തുക്കളെ കണ്ടുകെട്ടിയത് ബന്ധപ്പെട്ട വകുപ്പുമന്ത്രിയെയും ആഭ്യന്തര വകുപ്പിന്റെ ചാർജുവഹിച്ചിരുന്ന മന്ത്രിയെയും അറിയിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൃഗങ്ങളെ പിടിച്ച് എടുക്കാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധ്യപ്പെടുത്താൻ ആവശ്യപ്പെട്ട് പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിന്റെ പ്രസിഡന്റിന് 9-2-2000 ലും, 6-5-2000 ലും നോട്ടീസ് നൽകിയിരുന്നു.

(ബി) പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്നും പിടിച്ചെടുത്ത വന്യജീവികളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പാമ്പുകൾ	- 184
പക്ഷികൾ	- 36
ചീങ്കണ്ണി	- 73
ആമ	- 24
വെള്ളക്കുരങ്ങ്	- 10
മുള്ളൻപന്നി	- 15
മറ്റുള്ളവ (സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, മരപ്പട്ടി, ഉടുമ്പ്, ചെന്നായ്, കേഴമാൻ, വെരുക്, കീരി, മുതലായവ)	- 27

LIBRARY ARCHIVES Kerala Legislative Assembly

(സി) പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രത്തിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന വന്യജീവികളെ പിടിച്ച് എടുക്കാൻ ഉത്തരവിട്ടത് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ്. പ്രസ്തുത നടപടിയിൽ കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട്, കൺസർവേറ്റർ (നോർത്ത് സർക്കിൾ), കോഴിക്കോട്, വൈൽഡ് ലൈഫ് വാർഡൻ വയനാട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ കോഴിക്കോട്, കണ്ണൂർ തുടങ്ങിയ വനം വകുപ്പ്.

(ഡി) സാങ്കേതിക വിദഗ്ദ്ധരുടെ ലഭ്യത അനുസരിച്ചാണ് പിടിച്ചെടുക്കൽ ഈ ദിവസം നടത്തിയത്.

(ഇ) പിടിച്ചെടുത്ത് താൽക്കാലിക കൂടുകളിൽ സൂക്ഷിച്ചിരുന്ന ജീവികളെ കോടതി ഉത്തരവുപ്രകാരം പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ തന്നെ നിലവിലുണ്ടായിരുന്ന രീതിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

(എഫ്) ഈ ജീവികളെ തിരിച്ച് സ്നേക്ക് പാർക്കിൽ വിട്ടപ്പോൾ 3 പക്ഷികളും, 1 മൂർഖനും 22 ചീങ്കണ്ണിക്കുഞ്ഞുങ്ങളും ചത്തതായി കാണുകയുണ്ടായി. ഇവ ചാകാനുള്ള കാരണത്തെപ്പറ്റി അന്വേഷണം നടത്തിവരികയാണ്.

(ജി) ജീവികളെ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശം അനുസരിച്ച് അംഗീകൃത മാർഗങ്ങൾ അവലംബിച്ചിരുന്നു.

(എച്ച്) 7-12-2000 ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഐ) നിയമവിരുദ്ധമായും അനധികൃതമായും സൂക്ഷിച്ചിരുന്ന വന്യജീവികളെ നിയമാനുസൃതം പിടിച്ചെടുക്കുന്നത് ഒരു സാധാരണ നടപടി മാത്രമാണ്. ഇത് ഒരു നയപരമായ കാര്യമല്ല.

സമഗ്ര ഗതാഗത നയം

105 (788) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു സമഗ്ര ഗതാഗത നയം രൂപപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് സ്മാർട്ട് കാർഡ് ലൈസൻസിംഗ് സമ്പ്രദായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 104 (787)-ന്റെ ഉത്തരം കാണുക]

No.WL8-4175/97

Office of the
Chief Conservator of
Forests (Wildlife)

Thiruvananthapuram
Dated: 07-12-2000.

From

Chief Conservator of Forests (Wildlife) &
Chief Wildlife Wardon, Kerala.

To

The Conservator of Forests (WL)
Olavakkode.

Sir,

Sub: Confiscation of animals kept at Parassinikadavu Snake park- reg.

Ref: 1. Lt. No. 23-47/94 - CZA (369) dated 27-04-1998 and 17-03-2000 of Central Zoo Authority (CZA).

2. Proceedings Order No.Wl 841/5/97 dated 27-06-2000 of CCF (WL), Trivandrum and rehabilitation plan for the animals at Parassinikadavu.

3. Lr. No.23-47/94-CZA (Vol.II) dated 30-06 - 2000 of CZA.

4. Lr. No. G4995/98 dated 11-08-2000 of DFO, Kannur.

5. Hon'ble Supreme Court's recent obervations in PIL filed by Navin Raheja regarding Zoos in India.

6. Proceedings Order No. Wl 8 4175/97 dated 06-12-2000 of Chief Wild life warden, Kerala.

All the animals kept in Parassinikkadavu Snake Park are illegally procured and are kept there in violations of the provisions of the Wildlife (Protection) Act, 1972.

LIBRARY ARCHIVES Kerala Legislative Assembly

(2.0) As per reference 3rd cited above, it is seen that consequent to Government of India decision rejecting request for recognition of Parassinikkadavu Snake Park, the order of the CZA for closing down the Zoo dated 27-04-1998 (wide reference 1st above) has become operative and effective and that "running the Snake Park after 25-01-2000 is absolutely illegal and can not be allowed under Law."

(3.0) Hon'ble Supreme Court in their recent observation in the Public Interest Litigation by Navin Raheja have reiterated and directed strictly against operation of Unauthorised Zoos.

(4.0) In view of above, it is ordered hereby to confiscate all the animals of Snake Park and rehabilitate then as per the procedure prescribed in reference 2nd cited above and you are directed to report compliance. You are also directed to keep the Crocodiles covered under Ownership Certificate No. 4/93 dated 02.02.1993 (Since cancelled) vide reference 6th cited above separately and with proper identification marks.

Yours faithfully,

Encl: as above

Chief Conservator of Forests (Wildlife) &

Chief Wildlife Warden Kerala

Copy to : DFO, Kannur for information, attention and necessary action - you are instructed to follow the direction of CF (WL), Palakkad in the matter the cost involved in the operation will be not from the funds available with Wildlife Warden Wayanad.

Copy to : Wildlife Warden, Wayanad for information and necessary action

LIBRARY ARCHIVES Kerala Legislative Assembly